കെ.എഫ്.സി.യുടെ സാമ്പത്തിക സ്ഥിതി

183(1440) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എഫ്.സി.യുടെ സാമ്പത്തികസ്ഥിതി എപ്രകാരമായിരുന്നു എന്നറിയിക്കുമോ :

(ബി) ആയതിൽ എന്തൊക്കെ പുരോഗതി ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കുമോ :

(സി) കെ.എഫ്.സി.യുടെ പുതിയ ശാഖകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് എവിടെയൊക്കെയാണ് എന്നറിയിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി എന്തു തുക വായ്പയായി അനുവദിച്ചിട്ടുണ്ട് ;

(ഇ) വ്യവസായ സംരംഭങ്ങൾ നഷ്ടത്തിലാവുകയോ അടച്ചു പൂട്ടുകയോ ചെയ്തവരുടെ വായ്പാ തിരിച്ചടവിന് ഇളവുകൾ അനുവദിച്ചിട്ടുണ്ടോ : വിശദീകരിക്കുമോ ;

(എഫ്) ഇത്തരത്തിൽ എത്രപേർക്ക് എന്തു തുക ഇളവായി അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എഫ്.സി.-യുടെ സാമ്പത്തികസ്ഥിതി താഴെ കൊടുക്കുംപ്രകാരമായിരുന്നു:

		(തുക രൂപയിൽ)
അടച്ചുതീർത്ത മൂലധനം	-	159.06 കോടി
2005-06ലെ വായ്പ അനുവദിക്കൽ	-	121.13 കോടി
വായ്പ വിതരണം	-	78.52 കോടി
റിക്കവറി	-	213.89 കോടി
2005-06ലെ പ്രവർത്തന ലാഭം	-	1.77 കോടി
സഞ്ചിത നഷ്ടം	-	72.77 കോടി
മൊത്തം ആസ്തി	-	549.41 കോടി
നിഷ്ക്രിയാസ്തി	-	56.89%
ക്യാപിറ്റൽ അഡിക്വസി റേഷ്യോ	-	18.88%

(ബി) ഈ സർക്കാരിന്റെ ഭരണ കാലയളവിൽ കെ.എഫ്.സി. യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഡയറക്ടർ ബോർഡ് മാനേജ്മെന്റ് സാമ്പത്തിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചു. മൂലധനനിക്ഷേപമായി 2008-09 സാമ്പത്തിക വർഷത്തിൽ 150 കോടി രൂപ സർക്കാർ നൽകുകയുണ്ടായി. ഈ തുകയുപയോഗിച്ച് കോർപ്പറേഷൻ മൂലധന പുനഃസംഘടന നടത്തി അനുവദ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്ന സഞ്ചിത നഷ്ടം എഴുതിത്തള്ളി, പ്രവർത്തന മൂലധന സമാഹരണത്തിനായി ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കാവുന്ന വിധത്തിൽ ശക്തമാകുകയും ചെയ്തിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ 7.91 കോടി രൂപ ഊർജ്ജ സംരക്ഷണ പദ്ധതികൾക്ക് കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്നതിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. 2010 മാർച്ച് 31-ലെ കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി താഴെകൊടുക്കുന്നു.

(തുക രൂപയിൽ)

അടച്ചുതീർത്ത മൂലധനം	-	204.06 കോടി
2009-10-ൽ വായ്പ അനുവദിച്ചത്	-	615.93 കോടി
വായ്പ വിതരണം	-	419.53 കോടി
റിക്കവറി	-	299.57 കോടി
പ്രവർത്തന ലാഭം	-	33.72 കോടി
ആകെ ആസ്തി	-	828.30 കോടി
നഷ്ടക്രിയാസ്തി	-	2.41%
ക്യാപിറ്റൽ അഡിക്വസി റേഷ്യോ	-	27.88%

(സി) പുതിയ ശാഖകൾ ഒന്നുംതന്നെ ഈ കാലയളവിൽ ആരംഭിച്ചിട്ടില്ല.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ 1711.40 കോടി രൂപ വായ്പ അനുവദിക്കുകയും 1344.03 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്. വ്യവസായ സംരംഭങ്ങൾ നഷ്ടത്തിലാവുകയോ അടച്ചു പൂട്ടുകയോ ചെയ്തവരുടെ കാര്യത്തിൽ കെ.എഫ്.സി. വളരെ ഉദാരമായ സമീപനമാണ് കൈക്കൊള്ളുന്നത്. ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം പലിശയും പിഴപ്പലിശയും ഒഴിവാക്കിക്കൊടുക്കാറുണ്ട്. ആസ്തി ഒന്നുമില്ലാത്തവരുടെ കാര്യത്തിൽ ചിലപ്പോൾ മുതലിൽപോലും ഇളവ് അനുവദിക്കാറുണ്ട്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1671 വ്യവസായ സംരംഭങ്ങളിൽ നിന്നും 622.53 കോടി രൂപ കിട്ടേണ്ട സ്ഥാനത്ത് 228.66 കോടി രൂപയ്ക്ക് വായ്പ തീർപ്പാക്കൽ അനുവദിക്കുക വഴി 393.87 കോടി രൂപ ഇളവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly